പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 962

29..09..2011 -ൽ
മറുപടിയ്ക്ക്.

## ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ്

| *ചോദ്യം*<br>ശ്രീ. പി.സി.വിഷ്ണുനാഥ് | *ഉത്തരം*<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിൽ എ.ഐ.സി.റ്റി.ഇ. നിഷ്ക്കർഷിക്കുന്ന വിധത്തിലുള്ള റഫറൻസ് സെക്ഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ) Reference Section നെ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ഒന്നും AICTE നിഷ്കർഷിക്കുന്നില്ല. അതിനു പകരമായി Library and Reading Room എന്ന പദാവലിയാണ് ഉപയോഗിക്കുന്നത്. ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജിലെ നിലവിലുള്ള Library and Reading Room ടി കോളേജിലെ വിദ്യാർത്ഥികൾക്ക് സംതൃപ്തമായ രീതിയിൽ പ്രവർത്തന ക്ഷമമാണ്. |
| (ബി) എ.ഐ.സി.റ്റി.ഇ. നിഷ്ക്കർഷിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) എ.ഐ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ അനുബന്ധം (എ) -യിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) റഫറൻസ് സെക്ഷൻ സാദ്ധ്യമാക്കുവാൻ എന്തു കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ? | (സി) ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള Central Library and Reading Room ൽ വിദ്യാർത്ഥികൾക്ക് വേണ്ടി Reference Section സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - (എ)

ഓരോ വർഷവും പുതുതായി ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് Library and Reading Room ന്റെ മാനദണ്ഡം AICTE നിശ്ചയിച്ചിരിക്കുന്നത്. അത് താഴെ പറയുന്ന പ്രകാരമാണ്.

*1.* ഒരു കോളേജിലെ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളുടെ എണ്ണം 420ൽ താഴെയാണെങ്കിൽ ഏറ്റവും കുറഞ്ഞത് 400 ച. മി. വിസ്തീർണ്ണത്തിലുള്ള Library and Reading Room ആവശ്യമാണ്.

*2.* കുട്ടികളുടെ എണ്ണം 420 നു മുകളിലാണെങ്കിൽ ഓരോ 60 വിദ്യാർത്ഥികളുടെ ബാച്ചിനും 50 ച. മി. എന്ന തോതിൽ വിസ്തീർണ്ണ വർദ്ധനവ് ആവശ്യമാണ്.

*3.* AICTE മാനദണ്ഡമനുസരിച്ച് കോളേജിലെ മുഴുവൻ ബിരുദ വിദ്യാർത്ഥികളുടെ 15% ത്തിനും ബിരുദാനന്തര വിദ്യാർത്ഥികളിൽ 25% ത്തിനും ഒരേ സമയം Reading Room ഉപയോഗിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾക്ക് ഇത് പരമാവധി 150 എന്നും, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇത് 100 എന്നും നിജപ്പെടുത്തിയിരിക്കുന്നു.

*4.* Books, Journals എന്നിവയെ സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

***a.*** പുതുതായി ആരംഭിക്കുന്ന കോഴ്സുകളിൽ ബിരുദ വിദ്യാർത്ഥികൾക്ക് 100 ശീർഷകങ്ങളാണ് (Titles) ആവശ്യമുള്ളത്. തുടർന്ന് ഓരോ വർഷവും 50 ശീർഷകങ്ങൾ (Titles) എന്ന തോതിൽ വർദ്ധനവ് വരുത്തേണ്ടതാണ്.

ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സിലും 50 ശീർഷകങ്ങളാണ് (Titles) ആവശ്യമുള്ളത്. തുടർന്ന് ഓരോ വർഷവും ആവശ്യാനുസരണം വർദ്ധനവ് വരുത്തേണ്ടതാണ്.

***b.*** വാല്യങ്ങളെ സംബന്ധിച്ച് (Volumes) തുടക്കത്തിൽ ഓരോ കോഴ്സിന്റെയും ഓരോ ബാച്ചിനും 500 വീതം വാല്യങ്ങൾ വേണം. തുടർന്ന് ഓരോ വർഷവും 250 വാല്യങ്ങൾ എന്ന തോതിൽ വർദ്ധനവ് വരുത്തേണ്ടതാണ്.

ബിരുദാനന്തര വിദ്യാർത്ഥികൾക്ക് തുടക്കത്തിൽ ഓരോ കോഴ്സിനും 200 വാല്യങ്ങളും വർഷം തോറും 100 വീതം വർദ്ധനവും ആവശ്യമാണ്.

***c.*** National Journals - ബിരുദ വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സിലും ഒരു ബാച്ചിന് 6 വീതം. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സിലും ഒരു ബാച്ചിന് 5 വീതം.

***d.*** International Journals

ബിരുദ വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സിലും ഒരു ബാച്ചിന് 3 വീതം ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സിലും ഒരു ബാച്ചിന് 5 എണ്ണം വീതം.

***e.*** e- Journals ആവശ്യമുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്..

***f.*** Reading Room ൽ ആവശ്യമുള്ള Multimedia Computer കളുടെ എണ്ണം (Digital Library/Internet ഉപയോഗം) ആകെയുള്ള വിദ്യാർത്ഥികളുടെ ഒരു ശതമാനം അല്ലെങ്കിൽ 10 എണ്ണം എന്നും നിജപ്പെടുത്തിയിരിക്കുന്നു..